**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 389** **13-01-2021 - ൽ മറുപടിയ്ക്ക്**

**പെട്രോൾ, ഡീസൽ വിലകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജി ചെറിയാൻ | | Dr. T. M. Thomas Isaac<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
| (എ) | ചരിത്രത്തിലെ ഏറ്റവും ഉയർന്ന വിലയുടെ അടുത്തെത്തി നില്ക്കുന്ന പെട്രോൾ, ഡീസൽ വിലകൾ സംസ്ഥാനത്തെ സമ്പദ്ഘടനയെ ഏതെല്ലാം രീതിയിൽ ബാധിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (എ) | പെട്രോൾ, ഡീസൽ വിലയിലുണ്ടായിട്ടുള്ള വർദ്ധനവ് സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയുടെ വിവിധ മേഖലകളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഉപഭോക്തൃ സംസ്ഥാനമായ കേരളം ഭക്ഷ്യ വസ്തുകളുൾപ്പെടെ നിത്യോപയോഗ സാധനങ്ങൾ, അസംസ്കൃത വസ്തുക്കൾ എന്നിവയ്ക്കായി മറ്റു സംസ്ഥാനങ്ങളെയാണ് പ്രധാനമായും ആശ്രയിക്കുന്നത്. പെട്രോൾ, ഡീസൽ വിലയിലെ വർദ്ധനവ് ചരക്കു ഗതാഗത ചെലവിൽ വർദ്ധനയുണ്ടാക്കുകയും അതുവഴി അവശ്യസാധനങ്ങളുടെ വില കയറ്റത്തിന് കാരണമാകുകയും ചെയ്യുന്നു. കൂടാതെ, പെട്രോൾ, ഡീസൽ വില വർദ്ധനവ് നിർമ്മാണ മേഖലയിലേയും മറ്റു അനുബന്ധ മേഖലയിലേയും പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇതു വഴി അസംഘടിത മേഖലയിലെ തൊഴിൽ നഷ്ടത്തിന് കാരണമാകുകയും ചെയ്യുന്നുണ്ട്. പെട്രോൾ, ഡീസൽ വില വർദ്ധനവ് സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയെ പൊതുവിൽ പ്രതികൂലമായാണ് ബാധിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ